A
U
D
I
T

R
E
P
O
R
T

നം.എൽ.എഫ്.കെ.പി.1/282/09 തീയതി: 29.6.09

# പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ വരവു ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ് , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

# 2006-07

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. പി.ജെ.ജയരാജ് ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

**ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

പളളം ബ്ലോക്ക് പഞ്ചായത്തിന്റെ 2006-07 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

പഞ്ചായത്ത് 1.4.07 മുതൽ 31.10.08 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് , വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം |
|---|---|---|
| 21.7.09 മുതൽ 31.1.09 വരെ | 2006-07 വരവ് ചെലവ് | ശ്രീമതി സാലമ്മ ബസേലിയോസ് - ഓഡിറ്റ് ഓഫീസർ<br>ശ്രീ.വി.ജി. സജിമോൻ,<br>ശ്രീ. മുഹ്സിൻ ഫൈസൽ<br>-ഓഡിറ്റർമാർ |

**നിർവഹണാധികാരികൾ**

*പ്രസിഡന്റ്* : ശ്രീ. ടി.ആർ. രഘുനാഥൻ (1.4.06 മുതൽ 31.3.07 വരെ)

*സെക്രട്ടറി* :
1. ശ്രീ. ആർ. ശശിധരൻ ആചാരി (1.4.06 മുതൽ 31.12.06 വരെ)
2. ശ്രീ. വി.എം. ബാബുരാജ്, ജോയിന്റ് ബി.ഡി.ഒ (30.12.06 മുതൽ 31.3.07 വരെ)

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

***ഭാഗം 1:- പൊതു അവലോകനം***

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

***ഭാഗം 2:- വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

***ഭാഗം 3:- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ***

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

***ഭാഗം 4:- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും***

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തിക നില ,ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

# ഭാഗം 1 – പൊതുഅവലോകനം

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 2006–07 വർഷത്തെ ബജറ്റ് 25.3.06 ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 28309330 രൂപയും ആകെ ചെലവ് 28083330 രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2006–07 വർഷത്തെ ആകെ വരവ് 21473579 രൂപയും ആകെ ചെലവ് 20249816 രൂപയും ആണ്. പഞ്ചായത്തിന്റെ തനതുവിനിയോഗത്തിന് ലഭിച്ച യഥാർത്ഥ വരവ് (ഋണബാദ്ധ്യത കിഴിച്ചുള്ള വരവ്) 901553 രൂപയാണ്.

മേൽപ്പറഞ്ഞ വരവുചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയതിൽ 41744 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായി കാണുന്നു. കൂടാതെ വിവിധ കാരണങ്ങളാൽ 4104240 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ 2,3 ഭാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട മറ്റു പൊതുവായ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

കൃത്യമായി ക്ലോസിംഗ് നടത്തി ഇടപാടുകൾ വിശദമായി പ്രതിപാദിക്കാതെ കാഷ്ബുക്ക് സൂക്ഷിക്കുന്നതായി കാണുന്നു. ഓഡിറ്റിൽ ഹാജരാക്കിയ കാഷ്ബുക്ക് അപൂർണവും ഇടപാടുകളെ സംബന്ധിച്ച് അവ്യക്തത നിലനിർത്തുന്നതുമാണ്. പഞ്ചായത്തിന്റെ അടിസ്ഥാന സാമ്പത്തിക വിവരങ്ങളെ സംബന്ധിച്ച ആധികാരിക രേഖയായ കാഷ്ബുക്ക് മതിയായ രേഖപ്പെടുത്തലുകൾ നടത്തി നാളിതുവരെയുള്ളത് അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

നിയമം അനുശാസിക്കും പ്രകാരം വരവ് രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല. അടിസ്ഥാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാതെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകൾ എപ്രകാരം നിർണയിച്ചെന്ന് വ്യക്തമാക്കേണ്ടതാണ്.

**പദ്ധതി വരവുചെലവുകൾ**

**പദ്ധതി രൂപീകരണം**

പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ 06–07 വർഷത്തെ വാർഷിക പദ്ധതിയിൻ കീഴിൽ ആസൂത്രണം ചെയ്ത 74 പ്രോജക്ടുകൾക്കായി 15083409 രൂപ അടങ്കൽ വകയിരുത്തി 17.6.06 ലെ 14–ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് സമിതി അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് ജില്ലാ ആസൂത്രണ സമിതി 16.5.07 ലെ നമ്പർ 001/06/ഡി.പി.ഒ/കോട്ടയം ഉത്തരവിലൂടെ 13943501 രൂപ പദ്ധതി വിഹിതവും 469083 രൂപ അധിക പദ്ധതി വിഹിതവും വകയിരുത്തിയ എട്ട് സ്പിൽ ഓവർ പ്രോജക്ടുകളും 66 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 74 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പദ്ധതിയുമായി സംയോജിപ്പിക്കാത്ത മെയിന്റനൻസ് ഫണ്ട് വിഹിതം 1960000 രൂപ വിനിയോഗിച്ച് ആറ് പുതിയ പ്രോജക്ടുകളുടെ നിർവഹണത്തിനായി ഡി.പി.സി അനുവാദം നൽകിയിട്ടുണ്ട്. വികസന ഫണ്ട് വിനിയോഗിക്കുന്ന പ്രോജക്ടുകളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മേഖല | പ്രോജക്ടുകളുടെ എണ്ണം | | | പൊതുവിഭാഗം ഫണ്ട് | | എസ്.സി.പി | | ടി.എസ്.പി | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽ ഓവർ | ആകെ | വികസനഫണ്ട് വിഹിതം | മറ്റ് സ്രോതസ്സുകൾ | വികസനഫണ്ട് വിഹിതം | മറ്റ് സ്രോതസ്സുകൾ | വികസനഫണ്ട് വിഹിതം | മറ്റ് സ്രോതസ്സുകൾ | |
| ഉത്പാദനം | 13 | 3 | 16 | 3504973 | 234725 | – | – | – | – | 3739698 |
| സേവനം | 35 | 2 | 37 | 3572612 | 127600 | 2840500 | 25000 | 33500 | 33500 | 6632712 |
| പശ്ചാത്തലം | 12 | 3 | 15 | 1294897 | 250000 | 1180602 | – | 345500 | – | 3070999 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| മേഖലാ വിഭജനത്തിൽ ഉൾപ്പെടുത്താത്തവ | 6 | – | 6 | 1610000 | – | 30000 | – | – | – | 1640000 |
| ആകെ | 68 | 8 | 74 | 9982482 | 612325 | 4051102 | 25000 | 379000 | 33500 | 15083409 |

**വികസനഫണ്ട് : വരവുചെലവുകൾ**

| ഫണ്ട് വിഹിതം | അലോട്ട്മെന്റ് | ചെലവ് |
|---|---|---|
| സാധാരണ വിഹിതം | 9822000 | 9547585 |
| പ്രത്യേക ഘടക പദ്ധതി | 3778000 | 3828812 |
| പട്ടികവർഗ ഉപ പദ്ധതി | 350000 | 341682 |
| ചെലവ് ശതമാനം : 98.3 | | |

**മെയിന്റനൻസ് ഗ്രാന്റ്**

| അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|
| 1959961 | 1930347 | 98.5 |

**ജനറൽ പർപ്പസ് ഗ്രാന്റ്**

അലോട്ട് മെന്റ് : 803625

അധികാര വികേന്ദ്രീകരണത്തെ തുടർന്ന് ത്രിതല പഞ്ചായത്തുകളിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന സംവിധാനമാണ് ജനകീയാസൂത്രണ പദ്ധതിക്കുള്ളത്. വിവിധ സേവന മേഖലകളിൽ പ്രാവീണ്യം നേടിയ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി ഉപയോഗിച്ച് പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിനു പകരം സെക്രട്ടറി എല്ലാ മേഖലകളിലുമുള്ള പദ്ധതികളുടെ നിർവഹണം നടത്തിയത് ജനകീയാസൂത്രണ പദ്ധതി മാനദണ്ഡങ്ങളുടെ നഗ്നമായ ലംഘനമാണ്. ഇക്കാര്യം മുൻ റിപ്പോർട്ടിലും പരാമർശിച്ചിരുന്നതാണ്.

വികസന ഫണ്ടിനത്തിൽ തൻവർഷം അനുവദിക്കപ്പെട്ട തുകയുടെ 98.3 ശതമാനവും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ലഭ്യമായ തുകയിൽ ഏറിയകൂറും വിനിയോഗിച്ചെങ്കിലും വ്യക്തമായ ആസൂത്രണത്തിന്റെയും ദീർഘവീഷണത്തിന്റെയും പക്വമായ വിനിയോഗത്തിന്റെയും അഭാവത്തിൽ പല പദ്ധതികളും ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു. ഉത്പാദന മേഖലയിൽ ഏറ്റെടുത്ത ഒരു പ്രധാന പദ്ധതിയായ തിരുവാർപ്പ് നെല്ലു സംഭരണ ഗോഡൗൺ നിർമിക്കുന്നതിന് (പ്രോജക്ട് നമ്പർ എസ് 076/07) 750000 രൂപ കൈമാറുക എന്നതാണ്. വിശദപരിശോധനയോ വിലയിരുത്തലോ കൂടാതെ ആവശ്യപ്പെട്ട തുക കൈമാറുന്നതിൽ ഒതുങ്ങിയ പ്രസ്തുത പ്രോജക്ട് നിർവഹണം നടന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

സേവന മേഖലയിൽ ഏറ്റെടുത്ത വിവിധ കുടിവെള്ള പദ്ധതികളിൽ അനവസരത്തിലുള്ള വാങ്ങൽ നടപടികൾക്കാണ് മുൻതൂക്കം നൽകിയത്. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി അവസാന ഘട്ടത്തിൽ വിദഗ്ധ ഉപദേശ പ്രകാരം നടത്തേണ്ടിയിരുന്ന മോട്ടോർ പമ്പ് സെറ്റ് വാങ്ങലുകൾ പ്രാരംഭഘട്ടത്തിൽ തന്നെ ചെയ്തത് പദ്ധതിപ്പണം ഏതു വിധേനയും ചെലവഴിച്ച് ചെലവു തുക പെരുപ്പിച്ച് കാണിക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തിയാണ്. സാങ്കേതികാനുമതി ശുപാർശ ചെയ്തിരുന്ന മുൻ ഉപാധികളൊന്നും പാലിക്കാതെ നിർവഹണം ആരംഭിച്ച പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ലാത്ത അവസ്ഥയാണ്. (ഖണ്ഡിക 3 കാണുക)

വിവിധ ലൈബ്രറികൾക്കും സാംസ്കാരിക നിലയങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ബൃഹത്തായ രീതിയിൽ സാധനസാമഗ്രികൾ (കസേര, അലമാര, ജനറേറ്റർ, മൈക്ക് സെറ്റ്, കംപ്യൂട്ടർ മുതലായവ) വാങ്ങി നൽകുന്ന പ്രോജക്ടുകൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. അവയൊക്കെയും 31.3.04 ലെ സർക്കാർ

ഉത്തരവ് നമ്പർ 40/04/ആസൂത്രണം പ്രകാരമുള്ള മാർഗരേഖയ്ക്ക് വിരുദ്ധമായാണ് നടപ്പാക്കിയിട്ടുള്ളത്. (ഖണ്ഡിക 3 കാണുക)

വിവിധ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഗണ്യമായ തുകകൾ കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ഐ.കെ.എം പോലുള്ള നിർവഹണ ഏജൻസികളിൽ നിക്ഷേപിക്കുകയും അതോടൊപ്പം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. (തൻവർഷത്തെ ആകെ ചെലവിന്റെ 24 ശതമാനത്തോളം തുക) എന്നാൽ പ്രസ്തുത തുകകളുടെ വിനിയോഗം , പദ്ധതി പൂർത്തീകരണം, ഭൗതിക നേട്ടം ആർജിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3.5 കാണുക.

കൺവീനർമാർ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് മൊബിലൈസേഷൻ / സെക്യേഡ് അഡ്വാൻസുകൾ നൽകാനാണ് നിലവിൽ വ്യവസ്ഥയുള്ളത്. എന്നാൽ തൻവർഷം കൺവീനർമാർ മുഖാന്തിരം നടപ്പാക്കിയ ചില പദ്ധതികൾക്ക് പാർട്ട് ബില്ലുകൾ നൽകിയിട്ടുള്ളതായി കാണുന്നു. (ഉദാ: മാങ്ങാനം -പെഴുവേലിക്കുന്ന് കുടിവെള്ള പദ്ധതി) പ്രസ്തുത നടപടി ചട്ടവിരുദ്ധമാകയാൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തൻവർഷത്തെ കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല. അതോടൊപ്പം വരവുചെലവു രജിസ്റ്ററുകൾ, സബ്സിഡിയറി കാഷ് ബുക്ക് എന്നിവയും സൂക്ഷിച്ചിട്ടില്ല. നൂതന അക്കൗണ്ടിംഗ് സമ്പ്രദായം പ്രകാരമുള്ള വിവിധ രജിസ്റ്ററുകൾ കാലികമായ രേഖപ്പെടുത്തലുകളോടുകൂടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ യാത്രാബത്തയിനത്തിൽ ഗണ്യമായ തുക അനർഹമായി കൈപ്പറ്റിയത് ഓഡിറ്റിൽ കണ്ടെത്തി. സാമ്പത്തിക അച്ചടക്കം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട സമിതി അംഗങ്ങൾ ഇത്തരത്തിൽ അനധികൃതമായി തുകകൾ കൈപ്പറ്റുന്നത് ശരിയായ പ്രവണതയല്ല. ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

## ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2–1) കാഷ് ബുക്ക് സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ അപാകതകൾ കാണുന്നു. ദിനാന്ത്യ, മാസാന്ത്യ ക്ലോസിംഗ് നടത്തി കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. 28.8.06 മുതൽ 31.3.07 വരെ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. അതിനുശേഷം 1.4.07 ൽ കാഷ്ബുക്ക് എഴുതി തുടങ്ങിയതായും കാണുന്നു. ( എന്നാൽ 30.12.06 വരെയുള്ള ഇടപാടുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ അനധികൃത ബുക്ക് ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. ഇതു ചട്ടവിരുദ്ധമായതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.) നിയമപ്രകാരം എഴുതി സൂക്ഷിക്കേണ്ട കാഷ് ബുക്കിൽ ആവശ്യമായ ചേർക്കലുകൾ നടത്തി സൂക്ഷിക്കാതെ ഇടപാടുകളുടെ വിവരം മറ്റൊരു ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്. 1.1.07 മുതൽ 31.3.07 വരെയുള്ള ഇടപാടുകളുടെ വിവരങ്ങൾ സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ലഭ്യമായിട്ടില്ല. 31.3.07 ൽ കാഷ്ബുക്ക് വിവിധ അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തലുകൾ നടത്തി ക്ലോസ് ചെയ്തതായി കാണുന്നില്ല. വർഷാന്ത്യം ക്ലോസ് ചെയ്ത് നീക്കി ബാക്കി നിർണയിക്കാതെ അടുത്ത വർഷത്തെ പ്രാരംഭ ബാക്കി നിർണയിച്ചത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റിൽ ലഭ്യമാക്കിയ കാഷ്ബുക്കിൽ 31.10.08 വരെ മാത്രമേ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളു. പഞ്ചായത്തിന്റെ അടിസ്ഥാന സാമ്പത്തിക വിവരങ്ങളെ സംബന്ധിച്ച ആധികാരിക രേഖയായ കാഷ് ബുക്ക് മതിയായ രേഖപ്പെടുത്തലുകൾ നടത്തി പൂർത്തീകരിക്കേണ്ടതാണ്.

കാഷ്ബുക്ക് ക്രമപ്രകാരം സൂക്ഷിക്കുന്നത് സാമ്പത്തിക സുതാര്യത നഷ്ടപ്പെടുത്തലാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതാണ്.

**2.2) വരവുചെലവു രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തത് സംബന്ധിച്ച്.**

ജി.ഒ. (പി) നമ്പർ 319/03/ഫിൻ തീയതി : 12.6.03 അനുശാസിക്കും പ്രകാരം ശാസ്ത്രീയമായ ക്ലാസിഫിക്കേഷൻ സമ്പ്രദായത്തിൽ തയ്യാറാക്കിയ വരവുചെലവ് രജിസ്റ്ററുകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. പഞ്ചായത്തിന്റെ കൃത്യമായ സാമ്പത്തിക അവസ്ഥ പ്രതിഫലിപ്പിക്കുന്ന അടിസ്ഥാന രജിസ്റ്ററുകൾ നിയമപ്രകാരം എഴുതി സൂക്ഷിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

**2.3) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്.**

പഞ്ചായത്തിന്റെ ഓരോ അക്കൗണ്ടിനും പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. നിലവിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ അക്കൗണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഒരുമിച്ച് എഴുതുന്നതായി കാണുന്നു. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. മാത്രമല്ല വികസനഫണ്ട് അക്കൗണ്ട് വിവരങ്ങൾ പൊതുവിഹിതം, പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ ഉപപദ്ധതി എന്നീ മൂന്ന് ശീർഷകങ്ങളുടെയും വരവുചെലവ് വിവരങ്ങൾ പ്രത്യേകമായി എഴുതി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**2.4) രസീത് നൽകാത്തത് സംബന്ധിച്ച്**

പഞ്ചായത്തിന്റെ പേരിൽ വരുന്ന എല്ലാ തുകകൾക്കും രസീത് നൽകേണ്ടതാണ്. എന്നാൽ ഇതു പാലിക്കുന്നതായി കാണുന്നില്ല. ദേശിയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 13.10.08 ൽ ചെക്ക് നമ്പർ 393018/7.10.08 പ്രകാരം നാലു ലക്ഷം രൂപ വരവുവന്നത് 15.10.08 ൽ എസ്.ബി.ടി വടവാതൂർ ശാഖയിൽ ഒടുക്കിയതായും കാണുന്നു. (അക്കൗണ്ട് നമ്പർ : 670587733034) എന്നാൽ ടി തുകയ്ക്ക് പഞ്ചായത്തിൽ നിന്ന് രസീത് നൽകിയതായി കാണുന്നില്ല. പഞ്ചായത്തിലേക്ക് വരവുവരുന്ന എല്ലാ തുകകളും രസീത് പ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3–1) ബജറ്റ് അവതരണത്തോടനുബന്ധിച്ച് ബാഗു വിതരണം നടത്തിയത്– ഫണ്ടിന്റെ പാഴ്ചെലവ്: സംബന്ധിച്ച്**

29.3.07 ൽ 07–08 വർഷത്തേക്കുള്ള ബജറ്റ് അവതരണ വേളയിൽ പങ്കെടുത്ത വിവിധ ഉദ്യോഗസ്ഥർക്ക് നൽകുന്നതിനായി പിണറായി ഇൻഡസ്ട്രീസ് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് 130 രൂപ നിരക്കിൽ ബിൽ നമ്പർ 1251/29.3.07 പ്രകാരം 78 ബാഗുകൾ വാങ്ങി. (ആകെ 10140 രൂപ)

വാങ്ങിയ ബാഗുകൾ സ്റ്റോക്കിലെടുത്ത് ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർ, വിവിധ നിർവഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ കളക്ടർ, എ.ഡി.സി (ജനറൽ, പിഎ), ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവർക്ക് വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ധനവിനിയോഗത്തിന്റെ കാര്യശേഷി വർധിപ്പിക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുമായി തയ്യാറാക്കുന്ന ബജറ്റിന്റെ അവതരണവേളയിൽ ആയതിന്റെ അന്തസത്ത തകർക്കും വിധം ഇത്തരം ചെലവുകൾ നടത്തുന്നത് ഒഴിവാക്കുന്ന കാര്യം ഭരണസമിതി പരിഗണിക്കേണ്ടതാണ്.

**3.2) യാത്രാബത്ത അധികം നൽകിയത് സംബന്ധിച്ച്**

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് , വൈസ്പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, വിവിധ വാർഡ് മെംബർമാർ തുടങ്ങിയവർ 2005 ഒക്ടോബർ മുതൽ 2007 മാർച്ച് വരെ നടത്തിയ യാത്രകൾക്ക് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് ചെക്ക് നമ്പർ 887748/27.3.07 പ്രകാരം 24758 രൂപ യാത്രാബത്തയായി നൽകിയിരിക്കുന്നു. പ്രസിഡന്റ് , വൈസ്പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ ഭൂരിഭാഗം യാത്രകളും സ്വകാര്യ വാഹനത്തിലാണ് നടത്തിയത്. എന്നാൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ബില്ല് എന്നിവയും ട്രയിനിംഗ്/ മീറ്റിംഗ് എന്നിവയിൽ പങ്കെടുത്തതിന്റെ രേഖകളും ടൂർ ഡയറി ക്കൊപ്പം സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞവർക്ക് സർക്കാർ സർവീസിലെ ഒന്നാം ഗ്രേഡ് ഓഫീസർക്ക് അർഹമായ നിരക്കിലാണ് യാത്രാബത്ത നൽകേണ്ടതാണ്. ജി.ഒ. (പി) 480/89/ഫിൻ തീയതി: 1.11.89 പ്രകാരം സ്പെഷ്യൽ കൺവേയൻസ് ഉപയോഗിക്കുന്നതിനു ള്ള ആനുകൂല്യം നിർത്തലാക്കി . ആയതിനാൽ ഔദ്യോഗിക യാത്രകൾക്ക് പ്രത്യേക വാഹനം ഉപയോഗിക്കുകയാണെങ്കിലും പൊതുവായ വാഹനത്തിൽ യാത്ര ചെയ്യുന്നതിന് ബാധകമായ യാത്രാബത്തയ്ക്ക് മാത്രമേ അർഹതയുള്ളു. എന്നാൽ ഔദ്യോഗിക യാത്രയ്ക്ക് സ്വകാര്യവാഹനം ഉപയോഗിച്ചതിന് മേൽ പ്രതിപാദിച്ചവർക്ക് അർഹമായ തിലും അധികം തുക യാത്രാബത്തയിനത്തിൽ നൽകിയിട്ടുള്ളതായി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന് ഔദ്യോഗിക വാഹനം ഉപയോഗക്ഷമമായി നിലവിലുണ്ടായിരിക്കേ യാത്രകൾക്ക് സ്വകാര്യ വാഹനം ഉപയോഗിച്ചതിന്റെ സാംഗത്യം ഓഡിറ്റിൽ വ്യക്തമാകുന്നി ല്ല.

ബ്ലോക്ക് വക വാഹനത്തിന്റെ ലോഗ് ബുക്ക് ഓഡിറ്റിൽ ഹാജരാക്കാത്തതിനാൽ മേൽപ്പറഞ്ഞവർ 1.4.06 മുതൽ 31.12.06 വരെ യാത്രകൾക്ക് ഔദ്യോഗിക വാഹനം ഉപയോ ഗിച്ചോ എന്നതു സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമല്ല. ലഭ്യമായ ലോഗ്ബുക്ക് (1.1.07 മുതലുള്ളത്) പരിശോധിച്ചതിൽ പ്രസിഡന്റ് ഔദ്യോഗിക വാഹനം ഉപയോഗിച്ച് യാത്ര കൾ നടത്തിയ അതേ തീയതികളിലും സമയത്തും സ്വകാര്യവാഹനം ഉപയോഗിച്ച് യാത്ര നടത്തിയതായി ലഭ്യമാക്കിയ രേഖകൾ വ്യക്തമാക്കുന്നു. അതുപോലെ വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എട്ട് കിലോമീറ്റർ പരിധിക്കുള്ളിൽ നടത്തിയ യാത്ര കൾക്ക് യാത്രാബത്ത കൈപ്പറ്റിയ സാഹചര്യവും നിലനിൽക്കുന്നു. മേൽ പ്രതിപാദിച്ച പ്രകാരം ഓരോ ജനപ്രതിനിധികളും കൈപ്പറ്റിയ ആകെ തുക, അധികം കൈപ്പറ്റിയ യാത്രാബത്ത എന്നിവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ജനപ്രതിനിധി | കൈപ്പറ്റിയ ആകെ തുക |
|---|---|---|
| 1 | റ്റി.ആർ.രഘുനാഥ്, പ്രസിഡന്റ് | 16500 |
| 2 | കെ.എം.സാമുവൽ, വൈസ് പ്രസിഡന്റ് | 2576 |
| 3 | റ്റി.എം. ഉഷ, ചെയർപേഴ്സൺ, വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി | 2064 |
| 4 | റ്റിനോ കെ. തോമസ് , മെംബർ | 451 |
| 5 | വിജയൻ കെ.കെ., മെംബർ | 678 |
| 6 | ജോണി ജോസഫ് , മെംബർ | 295 |
| 7 | സജി കെ. വർഗീസ് , മെംബർ | 641 |
| 8 | ജെസി ജോൺ , മെംബർ | 536 |
| 9 | ലതാ മോഹൻ , മെംബർ | 471 |
| 10 | പ്രസന്നകുമാർ , മെംബർ | 546 |
| | ആകെ | 24758 |

| തീയതി | യാത്ര ചെയ്ത ആൾ | യാത്രാവിവരം | യാത്രയുടെ ഘട്ടങ്ങൾക്ക് അനുവദനീയമായ തുക | നൽകിയത് | അധികം നൽകിയത് |
|---|---|---|---|---|---|
| 23.10.05 | റ്റി.ആർ.രഘുനാഥൻ, പ്രസിഡന്റ് | ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സ്-അയർക്കുന്നം (തിരികെ) ഗുണഭോക്തൃയോഗം (കാർ മാർഗം) | 100 (ഒരു ഡി. എ. അനുവദനീയം) | 350 | 250 |
| 12.12.05 | ,, | എസ്.ഐ.ആർ.ഡി ട്രയിനിംഗ്- കൊട്ടാരക്കര-അയർക്കുന്നം-കോട്ടയം (തിരികെ) കാർ മാർഗം | 40 (അനുവദനീയമായ ബസ് ഫെയർ) | 560 | 520 |
| 19.12.05 | ,, | അയർക്കുന്നം - അടിച്ചിറ ആമോസ് സെന്റർ (തിരികെ) കാർ മാർഗം | 100 (ഒരു ഡി. എ. അനുവദനീയം) | 950 | 850 |
| 23.12.05 | ,, | ബ്ലോക്ക് ഓഫീസ്- കൊങ്ങാണ്ടൂർ (തിരികെ) ഗുണഭോക്തൃ മീറ്റിംഗ് | 100 (ഒരു ഡി. എ. അനുവദനീയം) | 385 | 285 |
| 20.2.06 | ,, | ബ്ലോക്ക് ഓഫീസ്- ആറുമാനൂർ (തിരികെ) ഗുണഭോക്തൃ മീറ്റിംഗ് | 100 (ഒരു ഡി. എ. അനുവദനീയം) | 375 | 275 |
| 2.3.06 | ,, | അയർക്കുന്നം - തിരുവനന്തപുരം (സെമിനാർ)<br>അയർക്കുന്നം- കോട്ടയം (തിരികെ)<br>തമ്പാനൂർ- സെക്രട്ടേറിയറ്റ് (തിരികെ)<br>മടക്കയാത്രയിൽ ഐ. സി. നൽകിയത് അനുവദനീയമല്ല. | 40<br>20<br>-- | 560<br>250<br>50 | 520<br>230<br>50 |
| 18.3.06 | ,, | അയർക്കുന്നം -കോട്ടയം (തിരികെ)<br>സെമിനാർ<br>കോട്ടയം മാമ്മൻമാപ്പിള ഹാൾ | 150 (ഒരു ഡി. എ) | 560 | 410 |
| 21.6.06 | ,, | അയർക്കുന്നം - തിരുവനന്തപുരം (പഞ്ചായത്ത് അസോസിയേഷൻ മീറ്റിംഗ്)<br>അയർക്കുന്നം -കോട്ടയം (തിരികെ)<br>തമ്പാനൂർ -മ്യൂസിയം ജംഗ്ഷൻ (തിരികെ)<br>മടക്കയാത്രയിൽ ഐ.സി. 1/2 ഡി.എ വാങ്ങിയത് അനുവദനീയമല്ല | 40<br>30<br>- | 560<br>250<br>60 | 520<br>220<br>60 |
| 3.7.06 | ,, | അയർക്കുന്നം - തിരുവനന്തപുരം (ധനമന്ത്രിയെ കാണാൻ)<br>അയർക്കുന്നം -കോട്ടയം | 40<br>20<br>- | 560<br>250<br>50 | 520<br>230<br>50 |

| | | | | | |
|---|---|---|---|---|---|
| | | (തിരികെ)<br>തമ്പാനൂർ- സെക്രട്ടേറിയറ്റ് (തിരികെ)<br>മടക്കയാത്രയിൽ ഐ.സി. 1/2 ഡി.എ. വാങ്ങിയത് അനുവദനീയമല്ല. | | | |
| 20.7.06 | ,, | അയർക്കുന്നം -കുമരകം (തിരികെ)<br>കുമരകം വാർഡ് സഭയിൽ പങ്കെടുക്കാൻ | 150 (ഒരു ഡി. എ) | 1000 | 850 |
| 30.9.06 | ,, | അയർക്കുന്നം - തിരുവനന്തപുരം (മീറ്റിംഗിൽ പങ്കെടുക്കാൻ)<br>അയർക്കുന്നം -കോട്ടയം (തിരികെ)<br>തമ്പാനൂർ- ബ്ലോക്ക് പഞ്ചായത്ത് ഹാൾ (തിരികെ)<br>മടക്കയാത്രയിൽ ഐ.സി. 1/2 ഡി.എ. വാങ്ങിയത് അനുവദനീയമല്ല. | 40<br>30<br>- | 560<br>250<br>60 | 520<br>220<br>60 |
| 24.10.06 | ,, | ബ്ലോക്ക് ഓഫീസ്- അയർക്കുന്നം- തിരികെ , ഗുണഭോക്തൃ കമ്മിറ്റിയിൽ പങ്കെടുത്തത്. | 150 (ഒരു ഡി. എ) | 480 | 330 |
| 1.12.06 | ,, | അയർക്കുന്നം- വടവാതൂർ (തിരികെ)<br>എസ്.എസ്.എ. ബ്ലോക്ക് ലെവൽ കമ്മിറ്റി | 150 (ഒരു ഡി. എ) | 480 | 330 |
| 12.12.06 | ,, | അയർക്കുന്നം -കോട്ടയം (തിരികെ)<br>താലൂക്ക് സഭയിൽ പങ്കെടുത്തത് | 150 (ഒരു ഡി. എ) | 560 | 410 |
| 6.1.07 | ,, | അയർക്കുന്നം -കോട്ടയം (തിരികെ)<br>താലൂക്ക് സഭയിൽ പങ്കെടുത്തത് | 150 (ഒരു ഡി. എ) | 560 | 410 |
| 3.2.07 | ,, | അയർക്കുന്നം -കോട്ടയം (തിരികെ)<br>താലൂക്ക് സഭയിൽ പങ്കെടുത്തത്<br>ഔദ്യോഗിക വാഹനം ഉപയോഗിച്ചതിനാൽ 1/2 ഡി. എയ്ക്ക് മാത്രം അർഹത (ലോഗ് ബുക്ക് പേജ് 4) | 75 | 560 | 485 |
| 3.3.07 | ,, | അയർക്കുന്നം -കോട്ടയം (തിരികെ)താലൂക്ക് സഭയിൽ പങ്കെടുത്തത് | 150 (ഒരു ഡി. എ) | 560 | 410 |
| 14.3.07 | ,, | അയർക്കുന്നം- തോട്ടയ്ക്കാട് (തിരികെ)<br>എച്ച്.ഡി.സി മീറ്റിംഗ്<br>ഔദ്യോഗിക വാഹനം ഉപയോഗിച്ചതിനാൽ 1/2 ഡി. എയ്ക്ക് മാത്രം അർഹത | 75 | 560 | 485 |

| | | | | | |
|---|---|---|---|---|---|
| | | (ലോഗ് ബുക്ക് പേജ് 19) | | | |
| 22.3.07 | ,, | അയർക്കുന്നം - പനച്ചിക്കാട് (തിരികെ) എച്ച്.ഡി.സി മീറ്റിംഗ് ഔദ്യോഗിക വാഹനം ഉപയോഗിച്ചതിനാൽ 1/2 ഡി.എയ്ക്ക് മാത്രം അർഹത | 75 | 660 | 585 |
| 24.3.07 | ,, | അയർക്കുന്നം- തോട്ടയ്ക്കാട് (തിരികെ) എച്ച്.ഡി.സി മീറ്റിംഗ് | 150 (ഒരു ഡി. എ) | 750 | 600 |
| **ആകെ** | | | | | **10685** |
| 28.12.05 | കെ.എം.സാമുവൽ, വൈസ് പ്രസിഡന്റ് | കുമരകം - കാരിത്താസ് (തിരികെ ) ആമോസ് ട്രയിനിംഗ് | 100 (ഒരു ഡി.എ) | 760 | 660 |
| 25.1.06 | ,, | ,, | 100 (ഒരു ഡി.എ) | 760 | 660 |
| 23.5.06 | ,, | കുമരകം- കൊട്ടാരക്കര എസ്.ഐ.ആർ.ഡി ട്രയിനിംഗ് കുമരകം- കോട്ടയം (തിരികെ) | 20 | 200 | 180 |
| **ആകെ** | | | | | **1500** |
| 29.11.05 | റ്റി.എം. ഉഷ, ചെയർപേഴ്സൺ, വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി | ബ്ലോക്ക് ഓഫീസ്-കൊല്ലൻകവല-കൊല്ലാട് (തിരികെ ) എട്ടു കി.മീ പരിധിയിലായതിനാൽ ടി.എ. അനുവദനീയമല്ല. | - | 200 | 200 |
| 30.11.05 | ,, | ബ്ലോക്ക് ഓഫീസ്- കൊല്ലാട് (തിരികെ ) എട്ടു കി.മീ പരിധിയിലായതിനാൽ ടി.എ. അനുവദനീയമല്ല. | - | 200 | 200 |
| 11.12.05 | ,, | വടവാതൂർ - കൊട്ടാരക്കര (ട്രയിനിംഗ്) വടവാതൂർ -കോട്ടയം (തിരികെ) | 10 | 200 | 190 |
| 28.12.05 | ,, | വടവാതൂർ- അടിച്ചിറ (തിരികെ) കില ട്രയിനിംഗ് | 100 (ഒരു ഡി.എ) | 200 | 100 |
| 25.1.06 | ,, | വടവാതൂർ - കാരിത്താസ് തിരികെ (ആമോസ് ട്രയിനിംഗ്) | 100 (ഒരു ഡി.എ) | 200 | 100 |
| 18.2.06 | ,, | വടവാതൂർ- കോട്ടയം (തിരികെ) എട്ടു കി.മീ പരിധിയിലായതിനാൽ ടി.എ. അനുവദനീയമല്ല. | - | 200 | 200 |
| **ആകെ** | | | | | **990** |

മേൽ ചേർത്തിരിക്കുന്ന കണക്കുകൾ പ്രകാരം പ്രസിഡന്റ് ശ്രീ.റ്റി.ആർ. രഘുനാഥൻ 10685 രൂപയും വൈസ് പ്രസിഡന്റ് ശ്രീ. കെ.എം. സാമുവൽ 1500 രൂപയും വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി റ്റി.എം. ഉഷ 990 രൂപയും യാത്രപ്പടിയിനത്തിൽ അധികമായി കൈപ്പറ്റിയതായി കാണുന്നു. ടി തുക ആയവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**3.3) ലൈബ്രറികൾക്ക് ഫർണിച്ചർ, മൈക്ക് സെറ്റ്, ജനറേറ്റർ നൽകിയത്- സർക്കാർ മാർഗരേഖയ്ക്ക് വിരുദ്ധം**

06-07 വർഷം ലൈബ്രറികൾക്ക് ഫർണിച്ചർ, മൈക്ക് സെറ്റ്, ജനറേറ്റർ തുടങ്ങിവയവ വാങ്ങി നൽകിയ ഇനത്തിൽ 382753 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഡി.ഡി നമ്പർ | തുക | പദ്ധതി വിഹിതം | വാങ്ങിയ സാധനങ്ങൾ | പി നമ്പർ | നൽകിയ വിവരങ്ങൾ |
|---|---|---|---|---|---|
| 244290/1.2.07 | 20498 | 50000 | മൈക്ക് സെറ്റ്-2 | 32/07 | കുഴിമറ്റം പബ്ലിക് ലൈബ്രറി-1 |
| | | 15000 | | 20/07 | വൈ.എം.എ ലൈബ്രറി മണർകാട് |
| 244289/1.2.07 | 34650 | 50000 | ജനറേറ്റർ-1 | 32/07 | കുഴിമറ്റം പബ്ലിക് ലൈബ്രറി-1 |
| 433076/29.3.07 | 123712 | 45000 | പ്ലാസ്റ്റിക് കസേര -108 | 93/07 | കുമരകം എസ്.എൻ.എം ലൈബ്രറി-44 കൃഷ്ണവിലാസം തോപ്പ് കമ്യൂണിറ്റി ഹാൾ -44 |
| | | 41000 | | 91/07 | ശാന്തിഗ്രാം സാംസ്കാരിക നിലയം-10 |
| | | 100000 | | 87/07 | ചിങ്ങവനം പബ്ലിക് ലൈബ്രറിയ-10 |
| | | 55000 | സ്റ്റീൽ ഓഫീസ് മേശ-7 | 92/07 | കരിയിൽ കമ്യൂണിറ്റി ഹാൾ-1 അനുഗ്രഹ വികസന സമിതി-1 |
| | | 45000 | | 93/07 | കുമരകം എസ്.എൻ.എം ലൈബ്രറി -1 കുമരകം തോപ്പ് കമ്യൂണിറ്റി ഹാൾ-1 ഫ്രണ്ട്സ് യൂത്ത് ക്ലബ്-1 |
| | | 41000 | ഫൈബർ കസേര-194 | 91/07 | ശാന്തിഗ്രാം കമ്യൂണിറ്റി ഹാൾ-2 അനുഗ്രഹ വികസന സമിതി കുമരകം-50 ഫ്രണ്ട്സ് യൂത്ത് ക്ലബ് -44 |
| | | 55000 | | 92/07 | കരിയിൽ കോളനി കമ്യൂണിറ്റി ഹാൾ-75 |
| | | 41000 | | 91/07 | ശാന്തിഗ്രാം സാംസ്കാരിക നിലയം-25 |
| | | 45000 | സ്റ്റീൽ കുഷ്യൻ കസേര-13 | 93/07 | എസ്.എൻ.എം. കുമരകം ലൈബ്രറി-5 |
| | | 55000 | | 92/07 | കരിയിൽ കമ്യൂണിറ്റി ഹാൾ-3 തോപ്പ് കമ്യൂണിറ്റി ഹാൾ -5 |
| | | 41000 | സ്റ്റീൽ റാക്ക്-3 | 91/07 | ശാന്തിഗ്രാം സാംസ്കാരിക നിലയം -1 |

| | | | | | |
|---|---|---|---|---|---|
| | | 100000 | | 87/07 | ചിങ്ങവനം പബ്ലിക് ലൈബ്രറി -2 |
| 245831/29.3.07 | 88980 | 100000 | മൈക്ക് സെറ്റ്-3 (5000 വാട്ട്-1, 2500 വാട്ട് -2) | 87/02 | ചിങ്ങവനം പബ്ലിക് ലൈബ്രറി-5000 വാട്ട്-1 |
| | | 50000 | | 89/07 | മാലം പബ്ലിക് ലൈബ്രറി-2500 വാട്ട്-1 |
| | | 50000 | | 89/07 | പ്രകാശ് ലൈബ്രറി-2500 വാട്ട്-1 |
| 433077/29.3.07 | 57613 | 50000 | ജനറേറ്റർ-2 | 89/07 | മാലം പബ്ലിക് ലൈബ്രറി -1 |
| | | 100000 | | 87/07 | ചിങ്ങവനം പബ്ലിക് ലൈബ്രറി -1 |
| 433078/29.3.07 | 57300 | 25000 | ബുക്ക് ഷെൽഫ് -6 | 26/07 | ശാന്തിഗ്രാം സാംസ്കാരിക നിലയം -2 |
| | | 5000 | | 90/07 | പ്രകാശ് ലൈബ്രറി-4 |
| | | 41000 | സ്റ്റീൽ അലമാര -3 | 91/07 | ശാന്തിഗ്രാം സാംസ്കാരിക നിലയം-1 |
| | | 100000 | | 87/07 | ചിങ്ങവനം പബ്ലിക് ലൈബ്രറി-2 |
| | | 41000 | തടി ഡെസ്ക്-2 | 91/07 | ശാന്തിഗ്രാം സാംസ്കാരിക നിലയം -2 |
| **ആകെ** | | **382753** | | | |

കേരള വികസന പദ്ധതി സംബന്ധിച്ചുള്ള ജി.ഒ (എം.എസ്) 40/04/ആസൂത്രണം തീയതി : 31.3.04 പ്രകാരമുള്ള മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനമാണ് ലൈബ്രറികൾക്ക് ധനസഹായം നൽകുകയെന്നത്. ഇത്തരം പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഇപ്രകാരം മുൻകൂർ അനുമതി നേടാതെ പണം വിനിയോഗിച്ചത് സർക്കാർ മാർഗരേഖയുടെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. കേരള ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിൽ നിന്ന് ഗ്രാന്റ് ലഭിക്കാനുള്ള സാഹചര്യം ഉണ്ട്. കൂടാതെ മാർഗരേഖ മറികടന്ന് ലൈബ്രറികൾക്ക് മൈക്ക് സെറ്റ്, ജനറേറ്റർ തുടങ്ങിയവ നൽകേണ്ട ആവശ്യകതയും ഓഡിറ്റിൽ വ്യക്തമാകുന്നില്ല. മേൽ കാരണങ്ങളാൽ ടി ഇനത്തിലുള്ള 382753 രൂപയുടെ ചെലവിന് സർക്കാരിൽ നിന്ന് അടിയന്തിരമായി സാധൂകരണം നേടുകയോ അഥവാ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു ചേർക്കുകയോ ചെയ്യേണ്ടതാണ്.

**3.4) ഐ.എ.വൈ അധിക ധനസഹായം- മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്.**

പ്രോജക്ട് നമ്പർ : എസ് 036/07, എസ്. 102/07, എസ് 106/07, എസ്. 052/07, എസ്. 103/07

ഐ.എ.വൈ പ്രകാരം ഭവന നിർമാണത്തിന് ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിരുന്ന വ്യക്തികൾക്ക് വികസന ഫണ്ടിൽ നിന്ന് അധിക ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ മുൻകൂർ ഗഡുക്കൾ കൈപ്പറ്റിയ താഴെ വിവരിക്കുന്ന വ്യക്തികൾ നാളിതുവരെ ഇതുവരെ വീട് നിർമാണം പൂർത്തീകരിച്ച് അവസാന തുക കൈപ്പറ്റിയിട്ടില്ലെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വിലാസം | നൽകിയ തുക | ചെക്ക് നമ്പർ /തീയതി |
|---|---|---|
| മോളി കെ.എസ്, വഞ്ചിപ്ര, കുമ്മനം പി.ഒ | 15000 | 55679/3.11.06 |
| പ്രമീള സുരേഷ്, പുതുപ്പറമ്പിൽ, മൂലവട്ടം | 15000 | 511623/15.12.06 |

| | | |
|---|---|---|
| | 10000 | 274466/16.3.07 |
| എം. കൃഷ്ണമണി, മുനി. കോളനി, കളക്ടറേറ്റ് പി.ഒ | 15000 | 275155/30.3.07 |
| സുജാത സജി, മലയിൽ താഴെ, മാങ്ങാനം പി.ഒ | 5000 | 275441/24.5.07 |

മേൽ വിവരിച്ച വ്യക്തികൾക്ക് ആവശ്യമായ ബോധവത്കരണം നൽകി ഭവന നിർമാണം പൂർത്തീകരിക്കേണ്ടതും അല്ലാത്ത പക്ഷം മുൻകൂർ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**3.6) 06-07 സാമ്പത്തിക വർഷം ഗണ്യമായ തുകകൾ നിക്ഷേപ ഫണ്ട് കൈമാറൽ പ്രോജക്ടുകൾക്കായി വിനിയോഗിച്ചത് - ഭൗതികനേട്ടം കൈവരിച്ചത്, വിനിയോഗ വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടില്ലാത്തത് സംബന്ധിച്ച്**

പള്ളം ബ്ലോക്ക് പഞ്ചായത്ത് 06-07 സാമ്പത്തിക വർഷം ലഭ്യമായ പദ്ധതി വിഹിതത്തിൽ നിന്ന് 13718079 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവഴിച്ച തുകയിൽ 3297227 രൂപയും ഫണ്ട് കൈമാറൽ, നിക്ഷേപ പ്രവൃത്തികൾ എന്നിവയ്ക്കാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ആയത് ആകെ ചെലവിന്റെ 24 ശതമാനമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുമായുള്ള സംയോജിത പദ്ധതികൾക്ക് വിവിധ ഗ്രാമപഞ്ചായത്തുകൾക്കും നിർവഹണ ഏജൻസികളായ കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ഐ.കെ.എം എന്നിവ വഴി നടത്തുന്ന നിക്ഷേപ പ്രവൃത്തികൾക്കുമായി 3297227 രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ ചെലവിന്റെ ഏതെങ്കിലും തരത്തിലുള്ള ഭൗതിക നേട്ടം കൈവരിച്ചത് സംബന്ധിച്ച് രേഖാപരമായ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| 1 | പ്രോജക്ട് നമ്പർ | തുക | ഡി.ഡി നമ്പർ | നൽകിയത് |
|---|---|---|---|---|
| 2 | പി. നമ്പർ 86/07 കരിയിൽ കോളനി പുനരുദ്ധാരണം | 100000 | 946746/28.2.07 | കുമരകം ഗ്രാമപഞ്ചായത്തിന് |
| | പി. നമ്പർ 46/07 സമ്പൂർണ ശുചിത്വപരിപാടി | 160000 | 946040/17.1.07 | 20000- നാട്ടകം |
| | | | 946041/17.1.07 | 20000-അയർക്കുന്നം |
| | | | 946042/17.1.07 | 20000- പുതുപ്പള്ളി |
| | | | 946043/17.1.07 | 20000- തിരുവാർപ്പ് |
| | | | 946044/17.1.07 | 20000- കുമരകം |
| | | | 946045/17.1.07 | 20000- വിജയപുരം |
| | | | 946046/17.1.07 | 20000-പനച്ചിക്കാട് |
| | | | 946047/17.1.07 | 20000- മണർകാട് |
| 3 | 37/07 കൊല്ലാട്- പൂവന്തുരുത്ത് സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 28500 | 945460/11-06 | അസി. എൻജിനിയർ , കെ.എസ്.ഇ.ബി നാട്ടകം അടച്ചിട്ടുണ്ട്. |
| 4 | 25/07 പെരിങ്ങള്ളൂർ എൽ.പി.സ്കൂളിന് കംപ്യൂട്ടർ | 23000 | 946313/1.2.07 | വിജയപുരം പഞ്ചായത്ത്. |
| 5 | 30/07 നട്ടാശേരി ഗവ. യു.പി.സ്കൂളിന് കംപ്യൂട്ടർ | 23000 | | |
| 6 | 27/07 നാട്ടകം- താന്നിക്കാട്- ചാത്തൻമല പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 54675<br>6075 | 445613/1.3.07<br>244793/28.2.07 | കെ.ഡബ്ല്യു.എ കോട്ടയം അടച്ചിട്ടുണ്ട്. |
| 7 | 48/07 അയർക്കുന്നം മൂന്നാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 62324 | 945459/11.11.06 | അസി. എൻജിനിയർ , കെ.എസ്.ഇ.ബി അയർക്കുന്നം |
| 8 | പി 34/07 ടാപ്പുഴ- പുളിയൻമാക്കൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 35000<br>5000 | 244794/28.2.07<br>445614/1.3.07 | കെ.ഡബ്ല്യു.എ, കോട്ടയം |

| | | | | |
|---|---|---|---|---|
| 9 | പി 65/07 കംപ്യൂട്ടർ സാക്ഷരത<br>43/07 കംപ്യൂട്ടർ സാക്ഷരത | 30000<br>150000 | 16/06-07/6.10.06<br>15/06-07/6.10.07 | മെംബർ & സെക്രട്ടറി, പ്ലാനിംഗ് കമ്മിറ്റി, കോട്ടയം |
| 10 | ഇൻഫർമേഷൻ കേരള മിഷൻ | 229076 | 433627/20.4.07<br>ബിൽ നമ്പർ 76/07 തീയതി 30.3.07 | എക്സിക്യൂട്ടീവ് ചെയർമാൻ, ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം |
| 11 | എസ് 040/07 അംഗൻവാടി ഉച്ചഭക്ഷം | 1240577 | ബിൽ നമ്പർ 12/06-07 പണമാക്കിയ തീയതി : 11.9.06 | |
| | | | *ബിൽ നമ്പർ 72/06-07 പണമാക്കിയ തീയതി : 31.3.07* | |
| 12 | എസ് 041/07 അംഗൻവാടി പൂരക പോഷകാഹാരം | 300000 | ബിൽ നമ്പർ 14/06-07 പണമാക്കിയ തീയതി : 6.10.07 | |
| 13 | എസ് 084/07 തിരുവാർപ്പ് നെല്ല് സംഭരണ ഗോഡൗൺ | 750000 | ഡി.ഡി നമ്പർ : 946496/17.2.07 | |
| 14 | എസ് 042/07 ആശ്രയാ പദ്ധതി | 100000 | ബിൽ നമ്പർ 26/06-07 പണമാക്കിയ തീയതി : 6.1.07 | |
| | | | *ബിൽ നമ്പർ 41/06-07 പണമാക്കിയ തീയതി : 24.2.07* | |
| | | | ബിൽ നമ്പർ 30/06-07 പണമാക്കിയ തീയതി : 30.1.07 | |
| | **ആകെ** | **3297227** | | |

സംയോജിത പദ്ധതിയിൻ കീഴിൽ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ നെല്ലു സംഭരണ ഗോഡൗൺ നിർമിക്കുന്നതിനായി 750000 രൂപ (ഇനം 13) കൈമാറുകയുണ്ടായി. കെട്ടിടനിർമാണത്തിനായി ആകെ വകയിരുത്തിയ തുക (ആകെ അടങ്കൽ) ഡി.പി.സിയുടെ നിർവഹണാനുമതി സാങ്കേതികാനുമതി എന്നിവ പ്രാപ്തമായിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രോജക്ടിൽ പ്രതിപാദിക്കുന്ന പ്രകാരം ഗോഡൗൺ നിർമിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലത്തിന്റെ വിവരവും ലഭ്യമല്ല. നിർമാണ നടപടികളുടെ ആരംഭം, ആയതിന്റെ പുരോഗതി, ഫണ്ടിന്റെ ആകെ ആവശ്യകത എന്നിവ സമഗ്രമായി വിലയിരുത്താതെ ആവശ്യപ്പെട്ട തുക തുക പൂർണമായും അനുവദിച്ചത് തുക ഏതു വിധേനയും ചെലവഴിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്.

ഭാവനാരഹിതമായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ പരിമിതമായ ഉദ്ദേശ്യത്തോടുകൂടി ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന പ്രവണത കർശനമായി ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകളുടെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയും അതുവഴി ഗുണഭോക്താക്കൾക്ക് ആയതിന്റെ ഭൗതിക നേട്ടം ആർജിക്കാൻ സാധിക്കുന്നുവെന്നും നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

**3.6 ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത വിവിധ കുടിവെള്ള പദ്ധതികൾ- പദ്ധതി നിർവഹണത്തിലെ അപാകതകൾ സംബന്ധിച്ച്.**

പത്താം പദ്ധതി കാലയളവിൽ പള്ളം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത വിവിധ കുടിവെള്ള പദ്ധതികളുടെ നിർവഹണത്തിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി കാണുന്നു. ആസൂത്രണത്തികവിന്റെ അഭാവം, ദീർഘവീഷണമില്ലായ്മ, ലഭ്യമായ പദ്ധതി

പ്പണം ഏതു വിധേനയും ചെലവഴിക്കാനുള്ള വ്യഗ്രത എന്നിവ നിമിത്തം ഗണ്യമായ തുകകൾ ചെലവഴിക്കപ്പെട്ടിട്ടും ഓഡിറ്റ് തീയതി വരെയും ആയവ പൂർത്തീകരിച്ചിട്ടില്ലെന്ന് അിറയാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ പദ്ധതിയെയും അടിസ്ഥാനപ്പെടുത്തിയുള്ള വിശദ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**3.6 (1) അമ്മുക്കുന്ന് കുടിവെള്ള പദ്ധതി- പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്.**

പ്രോജക്ട് നമ്പർ : എസ് 022/07

സാങ്കേതിക അനുമതി : 220000 രൂപ

കൺവീനർ : എ.എൻ. ശശി

പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ അമ്മുക്കുന്ന് ഭാഗത്ത് കുളം കുഴിച്ച് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്.

<u>എസ്റ്റിമേറ്റ് പ്രകാരം ചെയ്യാൻ ഉദ്ദേശിച്ചത്.</u>

അനുബന്ധം എ : കുളം നിർമാണം : 82772 രൂപ

അനുബന്ധം ബി : മോട്ടോർ വാങ്ങൽ : 129000 രൂപ

പലവക : 828 രൂപ

ആകെ : 220000 രൂപ

<u>ചെലവഴിച്ച തുക</u>

കുളം നിർമാണം : 20134

മോട്ടോർ വാങ്ങൽ : 128936

ആകെ : 149070 രൂപ (ഡി.ഡി നമ്പർ 433662/23.4.07)

<u>അപാകതകൾ</u>

എ) പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള മുന്നുപാധിയായി സാങ്കേതിക ഉപദേശക സമിതി താഴെപ്പറയുന്ന ശുപാർശകൾ (നമ്പർ ബി.എൽ.ടി.സി/പി. എൽ.എം/ഡബ്ല്യു. എസ്/പി3/03/16.10.06) നൽകിയിരുന്നു.

1. സാങ്കേതികാനുമതിക്കു സമർപ്പിക്കുമ്പോൾ ജലലഭ്യത ഉറപ്പു വരുത്തണം
2. കുടിവെള്ള പദ്ധതിക്ക് കുളം എങ്ങനെ പ്രയോജനപ്പെടുമെന്നും സമീപ പ്രദേശങ്ങളിൽ നിന്നുള്ള മലിനജലം കുളത്തിൽ കലരുകയില്ല എന്നും സാങ്കേതികാനുമതി നൽകുന്നതിനുമുമ്പ് ഉറപ്പു വരുത്തണം
3. ജലശുദ്ധീകരണം, സാമ്പിൾ പരിശോധന, ഓട, മലിനജല ടാങ്ക് എന്നിവയിൽ നിന്നുള്ള മലിനജല നിർഗമനം എന്നിവയ്ക്ക് പ്രത്യേക കരുതൽ വേണ്ടതാണ്. പ്രോജക്ടിന്റെ അംഗീകാരവേളയിൽ ഉന്നയിച്ചിരുന്ന ടി ഉപാധികൾ നിർവഹണ വേളയിൽ പരിഗണിച്ചിട്ടില്ല.

ബി) കുളം കുഴിക്കുന്നതിനും മോട്ടോർ വാങ്ങുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മണ്ണ് നീക്കി 5.2 മീറ്റർ ആഴമുള്ള (അളവു പുസ്തകം 53/06-07) കുളം കുഴിക്കുക എന്ന പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. ആയതിന് 20134 രൂപ ചെലവായിട്ടുണ്ട്. കുളത്തിന്റെ വശങ്ങൾ പോലും കരിങ്കല്ല് ഉപയോഗിച്ച് കെട്ടി ഉറപ്പാക്കിയിട്ടില്ല.

സി) പദ്ധതിക്കായി 128936 രൂപ ചെലവഴിച്ച് 25 എച്ച്.പി മോട്ടോറും അനുബന്ധ സാമഗ്രികളും റെയ്ഡ്കോയുടെ കോട്ടയം ശാഖയിൽ നിന്ന് 30.3.07 ലെ ബിൽ നമ്പർ 15513 പ്രകാരം വാങ്ങിയതായി കാണുന്നു. (എന്നാൽ ആയത് സ്റ്റോക്കിലെടുത്തതായി രേഖയില്ല.) കുളം കുഴിച്ച് ജലലഭ്യത ഉറപ്പാക്കി വശങ്ങൾ കെട്ടി വൃത്തിയാക്കി പമ്പ് ഹൗസ് നിർമാണം നടത്തി ടാങ്ക് നിർമിച്ച് പമ്പിംഗ്- വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ ലഭിച്ച ശേഷമാണ് മോട്ടോർ വാങ്ങേണ്ടിയിരുന്നത്. സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടാങ്കിന്റെ സ്ഥാനം , വ്യാപ്തം, ജലസ്രോതസ്സിൽ നിന്നുള്ള ദൂരം, ഉയരം എന്നിവ കണക്കാക്കി വാട്ടർ അതോറിറ്റി എൻജിനയറുടെ നിർദേശ പ്രകാരമാണ് ടി വാങ്ങൽ നടത്തേണ്ടിയിരുന്നത്. ചെയ്യേണ്ട പ്രവൃത്തികൾ വിശദമായി എസ്റ്റിമേറ്റോടുകൂടി മുൻഗണനാക്രമത്തിൽ

ചെയ്യാതെ ലഭ്യമായ വികസന ഫണ്ട് ഏതുവിധേനയും ചെലവഴിക്കുകയെന്ന് ഏകല ക്ഷ്യം മുൻനിർത്തിയാണ് നിർവഹണം നടത്തിയതെന്ന് വ്യക്തമാണ്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗം പ്രസ്തുത പദ്ധതി പ്രദേശം പരിശോധിച്ചതിൽ നിർമിച്ച കുളം ഒരു ചതുപ്പു പ്രദേശത്തിന്റെ മധ്യത്തിലാണെന്നും ശുദ്ധജല ലഭ്യത ഉറപ്പുവ രുത്താൻ കഴിയാത്ത രീതിയിലുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഗുണ ഭോക്തൃ മേഖലയായി പരിഗണിച്ചിട്ടുള്ള പ്രദേശത്ത് ജലക്ഷാമം അനുഭവപ്പെടുന്നതല്ലാ യെന്ന് അറിയാൻ കഴിഞ്ഞതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (കുളം നിർമാണത്തിനും മോട്ടോർ വാങ്ങലിനുമായി 149070 രൂപ (ഡി.ഡി.നമ്പർ 433662/23.4.07) തൻവർഷം ചെലവഴി ച്ചിട്ടുണ്ട്.

**3.6 (2) തൈക്കൂട്ടം- പുന്നാമറ്റം കുടിവെള്ള പദ്ധതി**

പ്രോജക്ട് നമ്പർ : എസ്. 039/07

സാങ്കേതിക അനുമതി തുക : 126500 രൂപ

കൺവീനർ : സന്തോഷ് ജോസഫ്

അളവു പുസ്തകം : 54/07

<u>ചെലവഴിച്ച തുക</u>

1. പാർട്ട് ബിൽ : 64376 രൂപ. ബിൽ നമ്പർ : 83/06-07 പണമാക്കിയ തീയതി: 30.3.07
   ഫൈനൽ ബിൽ : 41443 രൂപ 07-08 ലാണ് പ്രസ്തുത ചെലവ്
   ആകെ : 105819 രൂപ

<u>എസ്റ്റിമേറ്റ് പ്രകാരം ചെയ്യാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തികൾ</u>

അനുബന്ധം എ : പമ്പ് ഹൗസ് നിർമാണം : 35212

അനുബന്ധം ബി : സംരക്ഷണ ഭിത്തി നിർമാണം : 43714

അനുബന്ധം സി : 10 എച്ച്. പി മോട്ടോർ വാങ്ങൽ : 38100

നികുതികൾ , മറ്റുള്ളവ : 9471

ആകെ : 126500 രൂപ

<u>അപാകതകൾ</u>

എ) ക്രമനമ്പർ ഒന്ന് പ്രകാരമുള്ള പദ്ധതിക്ക് നിഷ്കർഷിച്ചിട്ടുള്ള ഉപാധികൾക്കു പുറമേ താഴെപ്പറയുന്ന ശുപാർശ കൂടി സാങ്കേതിക ഉപദേശക സമിതി നൽകുകയുണ്ടായി. കിണർ കുഴിക്കുന്നതിനു സ്ഥലം തിരുമാനിക്കുന്നതിനു മുമ്പ് അംഗീകൃത യോഗ്യതയുള്ള ജിയോളജിസ്റ്റിന്റെ റിപ്പോർട്ട് അനുസരിച്ച് ജലലഭ്യത ഉറപ്പു വരുത്തേണ്ടതാണ്. വിതരണ ത്തിനു മുമ്പ് വെള്ളത്തിന്റെ സാമ്പിൾ ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. കുളം നിർമാണം പൂർത്തീ കരിച്ചതായി അയർക്കുന്നം ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ജിയോളജിസ്റ്റിന്റെ റിപ്പോർട്ടിന്റെ അടിസ്1ഥാനത്തിൽ ഉറപ്പു വരുത്തിയിട്ടില്ല.

ബി )എസ്റ്റിമേറ്റിന്റെ അനുബന്ധം എ പ്രകാരം ഒന്നു മുതൽ 22 വരെ ഇനങ്ങളിലായി പമ്പ് ഹൗസ് നിർമാണമാണ് നിർവഹിക്കേണ്ടിയിരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ഒന്നു മുതൽ ഏഴു വരെയുള്ള ഇനങ്ങൾ പമ്പ് ഹൗസിന്റെ മേൽത്തട്ട് വാർക്ക വരെയുള്ളതാണ്. പിന്നീട് എട്ടു മുതൽ 22 വരെ ഭിത്തി തേപ്പ്, തറ വാർക്കൽ, കട്ടിള, ജനൽ എന്നിവ വയ്ക്കു ക, പെയിന്റിംഗ് നടത്തുക, വാർക്കയ്ക്ക് പരുക്കനിടുക, താഴും പൂട്ടും വയ്ക്കുക തുടങ്ങിയ പ്രവൃത്തികളാണ്. എന്നാൽ ഒന്നു മുതൽ ഏഴു വരെയുള്ള പ്രവൃത്തികൾ മാത്രമാണ് അനു ബന്ധം എ പ്രകാരം ചെയ്തിട്ടുള്ളത്. മോട്ടോർ സുരക്ഷിതമായി വയ്ക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിരുന്നില്ല എന്നത് ഇതിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

സി) ക്രമനമ്പർ ഒന്ന് പദ്ധതിയുടെ അപാകതകളിൽ വിവരിച്ചിരുന്നതുപോലെ ടി പദ്ധതിക്കുവേണ്ടി ടാങ്ക് നിർമാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, ഇലക്ട്രിക്ക് കണക്ഷൻ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാതെയും എൻജിനിയറുടെ സാക്ഷ്യപത്രമില്ലാതെയും ആദ്യം തന്നെ 10 എച്ച്. പി മോട്ടോർ പൊതുവാൾ സൺസ് എറണാകുളം എന്ന സ്ഥാപന ത്തിൽ നിന്ന് 1973/23.3.07 ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ തന്നെ

അംഗീകൃത വ്യാപാരികളും റേറ്റ് കോൺട്രാക്ട് കരസ്ഥമാക്കിയ സ്ഥാപനങ്ങളും നിലനിൽക്കേ വിദൂരസ്ഥമായ വ്യാപാരസ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമാണ്. ആയതിന്റെ സ്റ്റോക്ക് വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അടിസ്ഥാന ഘടകങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനു മുമ്പ് അനവസരത്തിൽ വാങ്ങൽ നടത്തിയത് പദ്ധതി പണത്തിന്റെ പക്വതയില്ലാത്ത വിനിയോഗത്തിന്റെ ഉദാഹരണമായി ഓഡിറ്റ് വിലയിരുത്തുന്നു.

**3.6 (3) പരിയാരം ലക്ഷം വീട് കോളനി വാട്ടർ ടാങ്ക് നിർമാണം, അനുബന്ധ പ്രവർത്തനങ്ങൾ**

പ്രോജക്ട് നമ്പർ : എസ് 021/07

സാങ്കേതിക അനുമതി തുക : 82500 രൂപ

കൺവിനർ : കെ.കെ. ഉണ്ണി

അളവു പുസ്തകം : 40/07

ചെലവഴിച്ച തുക : 71862 രൂപ ബിൽ നമ്പർ 60/06-07 പണമാക്കിയ തീയതി : 30.3.07

കുടിവെള്ള പദ്ധതിയുടെ ടാങ്കിനുവേണ്ടി തറ തീർത്ത് ടാങ്ക് വാങ്ങി സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം 5000 ലിറ്റർ വ്യാപ്തമുള്ള രണ്ട് സിന്റക്സ് ടാങ്ക് 35000 രൂപ ചെലവഴിച്ച് എസ്.ജെ. എന്റർപ്രൈസസ്, കളത്തിൽപ്പടി എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി സ്ഥാപിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (വാങ്ങൽ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ സൂചിപ്പിച്ചിട്ടില്ല.) ടി പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ടാങ്കിന് തറ കെട്ടി ടാങ്ക് സ്ഥാപിക്കുന്നതിനു മാത്രമാണ് പ്രോജക്ട്. കുടിവെള്ള സ്രോതസ്സ്, അതിന്റെ സ്ഥാനം (സറണ്ടർ ചെയ്തു കിട്ടിയ സ്ഥലത്തു തന്നെയെന്ന്), ജലലഭ്യത എന്നിവയെക്കുറിച്ച് പ്രോജക്ട് റിപ്പോർട്ടിൽ പരാമർശമൊന്നുമില്ല. തറ പണിതത് ആരുടെ പുരയിടത്തിലെന്നോ പ്രസ്തുത സ്ഥലം പഞ്ചായത്തിന് വിട്ടൊഴിഞ്ഞ് ലഭിച്ചിട്ടുണ്ടോയെന്നോ ഉള്ള വിവരങ്ങളും ലഭ്യമല്ല.

ബി) പമ്പ് ഹൗസ് നിർമാണം, പമ്പിംഗ്- വിതരണം പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ നടന്നിട്ടുണ്ടോയെന്ന് വ്യക്തമല്ല.

സി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതായി രേഖയില്ല.

ഡി) പദ്ധതിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

പക്വമായ സമീപനവും സമഗ്രമായ ആസൂത്രണവും നിർവഹണ ഘട്ടങ്ങളുടെ ഏകോപനവും സമഞ്ജസമായി സമ്മേളിക്കാത്തതു മൂലം ടി പദ്ധതിയും ഉദ്ദേശ്യം സാക്ഷാത്കരിക്കാതെ വർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

**3.6 (4) കൊങ്ങാണ്ടൂർ വെള്ളറ കുടിവെള്ള പദ്ധതി**

പ്രോജക്ട് നമ്പർ : എസ് 025/06

സാങ്കേതിക അനുമതി തുക : 159375 രൂപ

കൺവീനർ : വി.എം. തോമസ്

ചെലവഴിച്ച തുക : 51773 രൂപ ഡി.ഡി. നമ്പർ : 447491 /31.3.06

: 45736 രൂപ ബിൽ നമ്പർ : 1/06-07 പണമാക്കിയ തീയതി : 2.8.06

ആകെ : 97509 രൂപ

<u>ചെയ്യാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തികൾ</u>

അനുബന്ധം എ : കിണറിന് സംരക്ഷണ ഭിത്തി നിർമാണം

അനുബന്ധം ബി : പമ്പ് ഹൗസ് നിർമാണം

അനുബന്ധം സി : വൈദ്യുതി കണക്ഷന് തുക അടയ്ക്കൽ

എസ്റ്റിമേറ്റ് അനുബന്ധം എ, ബി എന്നിവ പ്രകാരം നിർവഹിക്കേണ്ട മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം വൈദ്യുതി കണക്ഷനുവേണ്ടി മണർകാട് ഇലക്ട്രിക്കൽ സബ് ഡിവിഷൻ അസി. എക്സി. എൻജിനിയറുടെ എസ്റ്റിമേറ്റ് പ്രകാരം 51773 രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്.

<u>അപാകതകൾ</u>

1. പ്രസ്തുത തുക കെ.എസ്.ഇ.ബിയിൽ അടവാക്കിയെങ്കിലും ഔദ്യോഗിക കൈപ്പറ്റ് രസിത് വാങ്ങി സൂക്ഷിച്ചിട്ടില്ല. കൂടാതെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കെ.എസ്. ഇ.ബി അധികൃതരുമായി കരാറിൽ ഏർപ്പെട്ടിട്ടുമില്ല.

2. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

ഭാവനാശൂന്യമായ ധനവിനിയോഗവും ദീർഘവീക്ഷണമില്ലാത്ത ആസൂത്രണവും മൂലം കുടിവെള്ള പദ്ധതികൾക്കായി ചെലവഴിച്ച ഗണ്യമായ തുകകൾ ഫലത്തിൽ പാഴ്ച്ചെലവായി പരിണമിച്ചിരിക്കുന്നു. അംഗീകൃത എസ്റ്റിമേറ്റിൽ നിന്ന് വ്യതിചലിച്ചും നിബന്ധനകൾ അവഗണിച്ചും കുടിവെള്ളം ലഭിക്കാതെ കുടിവെള്ള പദ്ധതികൾ നിർവഹണം നടത്തിയത് ധനദുർവ്യയമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പിനെ ചുമതലപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ മേൽ വിവരിച്ചിട്ടുള്ള പദ്ധതികൾക്കായി തൻവർഷം ചെലവഴിച്ച 424260 രൂപ അന്വേഷണ വിധേയമായി തടസ്സപ്പെടുത്തുന്നു.

**3.6 (5) മാങ്ങാനം പേഴുവേലിക്കുന്ന് കുടിവെള്ള പദ്ധതി - കൺവീനർക്ക് അധികം തുക നൽകി**

പ്രോജക്ട് നമ്പർ : 85/07

എം ബുക്ക് നമ്പർ : 44/07

ചെലവിട്ട തുക : 248838 രൂപ   ഡി.ഡി. നമ്പർ : 433670/23.4.07, ബിൽ നം. 67/06-07

തീയതി: 30.3.07

മാങ്ങാനം പേഴുവേലിക്കുന്ന് കുടിവെള്ള പദ്ധതിയുടെ ഒന്നാം ഇനമായ സാധാരണ പാറ പൊട്ടിച്ചെടുക്കുന്നതിന് 1290/ മീ$^3$ രൂപ നിരക്കിൽ 48.23 മീ$^3$ പ്രവൃത്തി ചെയ്തതിന് കൺവീനർക്ക് 6622 രൂപ നൽകി. എന്നാൽ ടി പ്രവൃത്തിക്ക് 1290 രൂപ നിരക്കിൽ നൽകാവുന്നത് (48.23 X 1290) 6222 രൂപയാണ്. അധികം നൽകിയ (6622-6222) 400 രൂപ പ്രസ്തുത ബിൽ തയ്യാറാക്കിയ എൻജിനിയറിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു ചേർക്കേണ്ടതാണ്.

**3.7 ടെൻഡർ നിരക്കിലെ കുറവ് കണക്കാക്കിയത് ശരിയല്ല - കരാറുകാരന് അധികം തുക നൽകി.**

പ്രോജക്ട് നമ്പർ : 71/07

തുക : 124448 രൂപ   ഡി.ഡി നമ്പർ : 245832/29.3.07

കരാറുകാരൻ : ശ്രീ. വി.എസ്. സ്കറിയ

നിരക്ക് : 9.9 % കുറവ്

വേലമൂല്യം : 147227 രൂപ

പള്ളം ബ്ലോക്ക് എസ്.ജി.എസ്.വൈ യൂണിറ്റ് പാറമ്പുഴ- അറ്റകുറ്റപ്പണി എന്ന വേല എസ്റ്റിമേറ്റ് നിരക്കിലും 9.9% കുറച്ചാണ് ടെൻഡർ അംഗീകരിച്ചത്. എന്നാൽ ടി കുറവ് കണക്കാക്കിയതിലെ അപാകത നിമിത്തം കരാറുകാരന് 1545 രൂപ അധികം നൽകിയിട്ടുണ്ട്. വിശദവിവരം താഴെക്കൊടുക്കുന്നു.

| | കരാറുകാരന് നൽകിയത് | നൽകാവുന്നത് | അധികം |
|---|---|---|---|
| വേലമൂല്യം | 147227 | 147227 | |
| 9.9% കുറവ് | 13066 | 14575 | |
| | 134161 (-) | 132652 (-) | |
| | *9713 | **9749 | |
| | 124448 | 122903 | 1545 |
| അധികം നൽകിയത് : 124448 - 122903 = 1545 രൂപ | | | |

* വാറ്റ് 4% : 5306
ആദായ നികുതി 24% : 3005
തൊഴിലാളി ക്ഷേമനിധി : 1342
ആകെ 9713

** വാറ്റ് 4% : 5306
ആദായ നികുതി 24% : 2971
തൊഴിലാളി ക്ഷേമനിധി : 1472
ആകെ 9749

അധികം നൽകിയ 1545 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എൻജിനിയറിൽ നിന്നോ ഈടാക്കി പഞ്ചായത്തുഫണ്ടിൽ വരവു ചേർക്കേണ്ടതാണ്.

**3.8 അളവു രേഖപ്പെടുത്തിയതിൽ സംഭവിച്ച പിഴവു മൂലം അധികം തുക നൽകിയത് സംബന്ധിച്ച്.**

എ) പുന്നത്തുറ- കല്ലിട്ടുനട- കരിനാട്ടു കവല റോഡ് റീ ടാറിംഗ്

പ്രോജക്ട് നമ്പർ : എസ് 098/07

കോൺട്രാക്ടറുടെ പേര് : പി.എം.ജോസഫ്

കരാർ നമ്പർ : 38/06-07/12.3.07

സാങ്കേതിക അനുമതി : 222200 രൂപ

കരാറുകാരന് നൽകിയ അറ്റതുക : 208335 രൂപ ഡി ഡി. നമ്പർ : 246744/23.4.07

അളവു പുസ്തകം : 23/07

പ്രസ്തുത പ്രവൃത്തിയുടെ ആറാം ഇനമായി ചെയ്ത വേല 12.85 മീ $^{3}$ ആറു മില്ലീമീറ്റർ മെറ്റിൽ അളവെടുക്കുന്നതിനായി അട്ടി വയ്ക്കുക എന്നതാണ്. അതിന് എസ്റ്റിമേറ്റ് പ്രകാരം 608 രൂപയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ അളവ് രേഖപ്പെടുത്തിയ വേളയിൽ 608 രൂപയ്ക്കു പകരം 762 രൂപ നിരക്കിലാണ് തുക കണക്കാക്കിയത്. ഇത്തരത്തിൽ കരാറുകാരന് അധികം തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടെൻഡർ ഷെഡ്യൂൾ പ്രകാരമുള്ള നിരക്ക് : 608 മീ $^{3}$

കരാറുകാരന് അനുവദിച്ച തുക : 12.85 X 762 = 9792

നൽകേണ്ട തുക : 12.85 X 608 = 7813

അധികം നൽകിയത് : 1979 രൂപ

ടി തുക ഉത്തരവാദിയായ എൻജിനിയറിൽ നിന്ന് ഈടാക്കി വി.പി.എഫ്.എ 2 അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

ബി) തോട്ടയ്ക്കാട് ആശുപത്രി അറ്റകുറ്റപ്പണി

പ്രോജക്ട് നമ്പർ : എസ് 070/07

സാങ്കേതിക അനുമതി തുക : ആറു ലക്ഷം രൂപ

കോൺട്രാക്ടറുടെ പേര് : ശ്രീ. ബിജി പി. ജോർജ്

അളവു പുസ്തകം : 35/07

പി.എ.സി : 10.7% കുറവ്

പ്രസ്തുത പ്രവൃത്തിയുടെ 7,8 എന്നീ ഇനങ്ങളുടെ അളവു രേഖപ്പെടുത്തിയ വേളയിൽ നിരക്കുകൾ തെറ്റായി കണക്കാക്കിയതുമൂലം അധികത്തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം, വിവരണം | നിരക്ക് | | ചെയ്ത അളവ് | നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| | നൽകാവുന്നത് | നൽകിയത് | | | | |
| 7. Providing & fitting AC ridge & capping with GI bolt & nuts and bitumin washer etc. | 2101/10 മീ | 2101/മീ | 6.6 മീ | 13867 | 1387 | 12480 |
| Providing valleying with GI sheets 0.63 mm thick or nearest thickness 900 mm vide overlap of 150 mm at joints excluding planking including nails. | 1993/10 മീ. | 1993/ മീ. | 7 മീ | 13951 | 1395 | 12556 |
| ആകെ | | | | | | 25036 |

നൽകിയ തുകയുടെയും നൽകേണ്ട തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|
| ആകെ വേലമൂല്യം | 591503 | 566467 |
| -10.7% ടെൻഡൻ ഡിഡക്ഷൻ | 63291 | 60612 |
| വാറ്റ് 3% | 17745 | 15176 |
| ആദായ നികുതി 2.24 % | 11832 | 11331 |
| ക്ഷേമനിധി വിഹിതം | 5282 | 5058 |
| അറ്റ തുക | 493353 | 474290 |
| അധികം നൽകിയത് : 19063 രൂപ | | |

ടി തുക ഉത്തരവാദിയായ എൻജിനിയറിൽ നിന്ന് ഈടാക്കി വി.പി.എഫ്.എ 3 അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം 4- ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

**4.1) വാർഷിക കണക്കുകളുടെ അവലോകനം**

ജി.ഒ (പി) നമ്പർ 319/03/ഫിൻ തീയതി : 12.6.03 അനുശാസിക്കും പ്രകാരം വരവുചെലവ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. കാഷ്ബുക്ക് കൃത്യമായി എഴുതി ക്ലോസ് ചെയ്യുന്നില്ല. 31.3.07 ൽ കാഷ് ബുക്ക് ആവശ്യമായ പൊരുത്തപ്പെടുത്തലുകൾ നടത്തി ക്ലോസ് ചെയ്യാത്തതിനാൽ വിവിധ ഇനങ്ങളിലെ വരവുചെലവ് തുകകൾ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും കൃത്യമായി ക്ലോസ് ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക കണക്കുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് ചാർജ് കണക്കാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ തൻവർഷത്തെ വരവുചെലവ് താഴെപ്പറയും പ്രകാരം നിർണയിക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 901553 | 574496 |
| വികസന ഫണ്ട് | 13950000 | 13718079 |
| ബി ഫണ്ട് | 470000 | 470000 |
| മെയിന്റനൻസ് ഗ്രാന്റ് | 1959961 | 1930347 |
| കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 4192065 | 3556894 |
| ആകെ | 21473579 | 20249816 |

28.3.09 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ : 125/09/ധനം പ്രകാരം ഓഡിറ്റ് ചാർജ് നിർണയിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ഡി, എഫ് വിഭാഗം ഫണ്ടുകളുടെ ആകെ തുകയായ 901553 രൂപ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്.

**4.2) വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

**4.3) സ്ഥിര നിക്ഷേപങ്ങൾ (ഇൻവെസ്റ്റ്മെന്റുകൾ)**

ഇല്ല

**4.4) സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്കും മറ്റ് വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

**4.5 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല.

**4.6 ഓഡിറ്റ് ചാർജ്**

| | | |
|---|---|---|
| ഡി.സി.ബി പത്രിക പ്രകാരമുള്ള ആകെ വരവ് | : രൂപ | 21473579 |
| <u>കുറയ്ക്കുക</u> | | |
| എസ്.ജി.എസ്.വൈ വരവ് | : രൂപ | 402530 |
| ഐ.എ.വൈ വരവ് | : രൂപ | 3789535 |
| എ ഫണ്ട് | : രൂപ | 13950000 |
| ബി ഫണ്ട് | : രൂപ | 470000 |
| മെയിന്റനൻസ് ഗ്രാന്റ് | : രൂപ | 1959961 |
| ആകെ കുറയ്ക്കുന്നത്. | : രൂപ | 20572026 |
| ഓഡിറ്റ് ചാർജ് കണക്കാക്കാവുന്ന വരവ് | : രൂപ | 901553 |
| ഓഡിറ്റ് ചാർജ് അര ശതമാനം നിരക്കിൽ | : രൂപ | 9016 |
| മുൻവർഷാവസാനം സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ഓഡിറ്റ് ചാർജ് | : രൂപ | 844733 |
| ആകെ | : രൂപ | 853749 |
| (-) തന്നാണ്ടിൽ ഒടുക്കിയ തുക | : രൂപ | ഇല്ല |
| (-) തന്നാണ്ടിൽ ഗ്രാന്റിൽ/പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുക | : രൂപ | ഇല്ല |
| 31.3.07 ൽ സർക്കാരിൽ ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ് | : രൂപ | 8537498 |

<u>ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം</u>

| <u>വർഷം</u> | | <u>തുക (രൂപ)</u> |
|---|---|---|
| 97-98 | : | 148564 |
| 98-99 | : | 105450 |
| 99-00 | : | 86232 |
| 00-01 | : | 87880 |
| 01-02 | : | 73505 |
| 02-03 | : | 60746 |
| 03-04 | : | 98272 |
| 04-05 | : | 76244 |
| 05-06 | : | 107840 |
| 06-07 | : | 9016 |
| ആകെ | : | 853749 |

ടി തുക **0070-60-110-99-ഓഡിറ്റ് ചാർജ്** എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

**4.7 ഓഡിറ്റ് പ്രത്യവലോകനം**

*<u>എ) സംക്ഷിപ്ത വിവരം</u>*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 21473579 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 20249816 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 36162 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4104240 |

*ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.2 | | 13175 | ശ്രീ. ആർ. രഘുനാഥൻ, പ്രസിഡന്റ് : 10685 രൂപ<br>ശ്രീ. കെ.എം. സാമുവൽ, വൈസ് പ്രസിഡന്റ് : 1500 രൂപ<br>ശ്രീമതി ടി.എം. ഉഷ, വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ : 990 രൂപ |
| 3.6(5) | | 400 | ശ്രീ. എം.സി .മാനുവൽ അസി. എൻജിനിയർ |
| 3.7 | | 1545 | ശ്രീ. എം.സി .മാനുവൽ അസി. എൻജിനിയർ |
| 3.8 എ | | 1979 | ശ്രീ. എം.സി .മാനുവൽ അസി. എൻജിനിയർ |
| 3.8 ബി | | 19063 | ശ്രീ. എം.സി .മാനുവൽ അസി. എൻജിനിയർ |

*ബി) തടസ്സപ്പെടുത്തിയ തുകകളുടെ വിവരം*

| ഖണ്ഡിക | തുക |
|---|---|
| 3.3 | 382753 |
| 3.5 | 3297227 |
| 3.6 (1 മുതൽ 4 വരെ) | 424260 |
| ആകെ | 4104240 |

*സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

*ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*
ഖണ്ഡിക നമ്പർ : 3.3, 3.6

*ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ആർ. രഘുനാഥൻ, പ്രസിഡന്റ്<br>ശ്രീ. കെ.എം. സാമുവൽ, വൈസ് പ്രസിഡന്റ്<br>ശ്രീമതി ടി.എം. ഉഷ, വെൽഫെയർ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ലഭ്യമല്ല | ലഭ്യമല്ല |
| ശ്രീ. എം.ഡി .മാനുവൽ അസി. എൻജിനിയർ | ലഭ്യമല്ല | ലഭ്യമല്ല |

റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായ വ്യക്തികളുടെ സ്ഥിരം / ഔദ്യോഗിക മേൽവിലാസം ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ ലഭ്യ മാക്കേണ്ടത് നിലവിലുള്ള സെക്രട്ടറിയുടെ ചുമതലയാണ് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 22 കാണുക)

**4.8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96, 96-97 | എൽ.എഫ്.കെ.പി1/819/00/11.8.00 |
| 97-98 | എൽ.എഫ്.കെ.പി1/819/00/16.8.00 |
| 98-99, 99-00 | എൽ.എഫ്.കെ.പി1/481/03/17.1.04 |
| 00-01, 01-02 | എൽ.എഫ്.കെ.പി1/845/04/16.3.05 |
| 02-03 | എൽ.എഫ്.കെ.പി1/980/05/11.9.06 |
| 03-04 | എൽ.എഫ്.കെ.പി1/918/05/11.9.06 |
| 04-05 | എൽ.എഫ്.കെ.പി1/632/07/12.12.07/16.1.08 |
| 05-06 | എൽ.എഫ്.കെ.പി1/633/07/12.12.07/16.1.08 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കോട്ടയം ജില്ല.**

ജെ.290709